TB Movie Panel Weekly Review
**#moviepanel**

മേപ്പടിയാൻ:

Written By : Lijo Rachel George

മലയാള സിനിമ ഇപ്പൊ റിയലിസത്തിന്റെ പാതയിലാണല്ലോ; ഒപ്പം, നമ്മുടെ ചുറ്റിലുമുള്ള ആളുകളിൽ പലരും, തരം കിട്ടിയാൽ, കൂട്ടത്തിലൊരാളെ പറഞ്ഞു പറ്റിയ്ക്കാനും, അത് വഴി അവരെ കുഴിയിൽ ചാടിച്ചു, പെരുവഴിയാക്കാനും തക്കം പാർത്തിരിക്കുന്നവരും ഒക്കെയാണല്ലോ!അതോടൊപ്പം തന്നെ, കമിഴ്ന്നു വീണാലും കാല്പ്പണം കിട്ടണം എന്ന ചിന്താഗതിയും സമൂഹത്തിൽ വളർന്നു വരികയാണല്ലോ;അവിടെ ബന്ധങ്ങൾക്കോ സൗഹൃദങ്ങൾക്കോ സ്ഥാനമില്ലെന്ന് മാത്രമല്ല, കൂടെയുള്ള ആളെ വീഴ്ത്തിയിട്ടായാലും അവനവൻ വാഴണം എന്നൊക്കെ തന്നെ പലരുടെയും ചിന്താഗതി.

പറഞ്ഞു വന്നത് എന്താണെന്ന് വെച്ചാൽ, സ്ഥിര വരുമാനം ഇല്ലാത്ത ഒരു സാധാരണക്കാരനും, നിഷ്കളങ്കനും നന്മയുള്ളവനും നീതിബോധം ഉള്ളവനുമായ ഒരു ചെറുപ്പക്കാരന്റെ ജീവിതത്തിൽ, മുകളിൽ പറഞ്ഞത് പോലെയുള്ള ഒരു അവസ്ഥ ഉണ്ടായാൽ, അവന്റെ ജീവിതം എവിടെ ചെന്ന് നില്ക്കും? ആ ചോദ്യത്തിനുള്ള ഉത്തരം അറിയണമെന്നുണ്ടെങ്കിൽ, മേപ്പടിയാൻ, എന്ന ഈ സിനിമ കണ്ടു നോക്കൂ.

പതിവ് പോലെ, സിനിമയുടെ പേരിൽ നിന്ന് തന്നെ തുടങ്ങാം: മേപ്പടിയാൻ എന്നാൽ മുകളിൽ പറഞ്ഞത്/പറഞ്ഞയാൾ. ഈ കഥയിൽ മുകളിൽ പറഞ്ഞ കഥാപാത്രമായ ജയകൃഷ്ണനായി എത്തുന്നത് ഉണ്ണി മുകുന്ദൻ ആണ്.നാട്ടിലുള്ള ഒരു പരിചയക്കാരൻ കാരണം ജയകൃഷ്ണന് ജീവിതത്തിൽ നേരിടേണ്ടി വരുന്ന അവസ്ഥകളാണ് സിനിമ നമുക്ക് കാണിച്ചു തരുന്നത്.സിനിമയിലൊരിടത്തും ഉണ്ണി മുകുന്ദൻ എന്ന നടനെ നമുക്ക് കാണാൻ സാധിക്കുകയില്ല. ജയകൃഷ്ണനായി അദ്ദേഹം ജീവിക്കുകയായിരുന്നു എന്ന് തന്നെ പറയാം.

മലയാളത്തിൽ ഒരുപാട് നാളുകൾക്കു ശേഷമാണ് ഈ ഴോണറിലെ (genre) ഒരു സിനിമ ഇറങ്ങുന്നത്. കുടുംബ കഥ ആണെങ്കിൽ പോലും പതിവ് കഥാ രീതികളിൽ നിന്നും വ്യത്യാസവും ഉണ്ട്. തുടക്കം മുതൽ ഒടുക്കം വരെ പ്രേക്ഷകനെ സ്ക്രീനിനു മുൻപിൽ തന്നെ ആകാംക്ഷപ്പൂർവ്വം പിടിച്ചിരുത്തി കളയുന്ന ഒരു കഥയും കെട്ടുറപ്പുള്ള തിരക്കഥയുമാണ് ഈ സിനിമയിലെ ഏറ്റവും വലിയ പ്ലസ് പോയിന്റുകളിൽ ഒന്ന്.ചിത്രത്തിന്റെ കഥയും സംവിധാനവും ശ്രീ.വിഷ്ണു മോഹൻ ആണ്. ജനുവരി 14 ന് തിയേറ്റർ റിലീസ് ആയെത്തിയ സിനിമ, ഇപ്പൊൾ ആമസോൺ പ്രൈം എന്ന ഒടിടി പ്ലാറ്റ്ഫോമിൽ ലഭ്യമാണ്.

ഒന്നിലധികം പേരെ പ്രതിനായകരായി കരുതാവുന്ന സിനിമയിൽ, പൊതു സുഹൃത്തുക്കളായി എത്തുന്നത്, സൈജു കുറുപ്പ്, അജു വർഗീസ് തുടങ്ങിയവരാണ്.കുണ്ടറ ജോണി, നിഷ സാരംഗ്,കോട്ടയം രമേശ്,മനോഹരി ജോയ്,ഇന്ദ്രൻസ്, ശ്രീജിത്ത് രവി,കലാഭവൻ ഷാജോൺ,പേളി വത്സൻ, മേജർ രവി തുടങ്ങിയവരും പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്യുന്നു.മിക്കവാറും എല്ലാവരും തന്നെ നല്ല അഭിനയം കാഴ്ച വെച്ച സിനിമയിൽ ഇന്ദ്രൻസിന്റെയും അജു വർഗീസിന്റെയും പ്രകടനങ്ങൾ എടുത്തു പറയേണ്ടത് തന്നെ.അജു വർഗീസിന്റെ കോമഡി വേഷങ്ങളെക്കാൾ ഇത്തരം വേഷങ്ങൾ കൂടുതൽ നല്ലതാണെന്നും തോന്നി.

തിരക്കഥയ്ക്ക് നല്ല പ്രാധാന്യമുള്ള സിനിമയിൽ,അതിനനുസരിച്ചു തന്നെ കഥ നീങ്ങുന്ന, വളരെ നല്ലൊരു സിനിമയായിട്ടു കൂടി, ദൗർഭാഗ്യകരമെന്ന് പറയട്ടെ, അവസാനത്തെ കുറച്ചു രംഗങ്ങളിൽ നായകന്റെ മതത്തെയും രാഷ്ട്രീയത്തെയും ചേർത്ത് വെച്ചു അനാവശ്യ വിവാദങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെട്ട അവസ്ഥയും,ഈ സിനിമയ്ക്ക് ഉണ്ടായി.സിനിമയിലെ ഒരു പ്രത്യേക കഥാ സന്ദർഭത്തോട് ബന്ധപ്പെടുത്താവുന്ന ഒരു ആരാധനാലയം സിനിമയിൽ കാണിക്കുന്നത് കൊണ്ടും നായകന്റെ രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളോടുള്ള എതിർപ്പ് കൊണ്ടും, ആരൊക്കെയോ ചേർന്ന് കരുതിക്കൂട്ടി സിനിമയെ വിവാദത്തിലേയ്ക്ക് തള്ളി വിട്ടതാണെന്ന് വേണം കരുതാൻ എന്ന് തോന്നി. ആദ്യത്തെ കാഴ്ച്ചയിൽ എന്തോ ഒരു ഏച്ചുകെട്ടലോ അഭംഗിയോ തോന്നുന്ന ആ രംഗങ്ങൾ ഒന്ന് കൂടി ആലോചിച്ചു നോക്കിയാൽ, ഞാൻ തൊട്ട് മുൻപ് പറഞ്ഞു വെച്ചതാണ് സംഭവം എന്ന് കണ്ടവർക്കെല്ലാം മനസ്സിലാക്കാവുന്നതേയുള്ളൂ. അതെന്തായാലും സിനിമയെ സിനിമയായി കാണാതെ, അവിടെയും ഒരു വെടിയ്ക്കുള്ള മരുന്ന് തപ്പുന്നവരോട് വെറും സഹതാപം മാത്രം.

കുടുംബാംഗങ്ങൾ തമ്മിലുള്ള ഒത്തൊരുമയും രക്ത ബന്ധങ്ങളേക്കാൾ വലുതായ ആത്മബന്ധങ്ങളും കൂടി സിനിമ നമുക്ക് കാണിച്ചു തരുന്നു.അന്തിമ വിജയം എന്നും നന്മയ്ക്കു ആയിരിക്കും എന്ന് കൂടി സിനിമ പറഞ്ഞു വെയ്ക്കുന്നുണ്ട്.

സിനിമ കാണേണ്ടതാണോന്ന് ചോദിച്ചാൽ, ഒന്ന് കണ്ടിരിക്കേണ്ടതാണ്;ഇനിയഥവാ രണ്ടു തവണ കണ്ടാലും മടുക്കില്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.